പതിമൂന്നാം കേരള നിയമസഭ
എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 141

04-02-2013-ൽ ഇടക്കാല മറുപടി നൽകിയിരുന്നത്

മദ്യ ഉപഭോഗത്തിനെതിരെ ബോധവൽക്കരണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ : | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) 2012 ഡിസംബർ 31-ൽ എത്ര കെയ്സ് മദ്യമാണ് ചെലവായത്; ആയിനത്തിൽ എത്ര തുക സംസ്ഥാന ഖജനാവിന് ലഭിച്ചു; | (എ) 2012 ഡിസംബർ 31-ൽ, എഫ്.എൽ.9 വെയർഹൗസുകൾ മുഖേന 1.10 ലക്ഷം കെയ്സ് മദ്യം വിൽപ്പന നടത്തിയിട്ടുണ്ട്. ടി ദിവസം ബിവറേജസ് കോർപ്പറേഷൻ, 38.60 കോടി രൂപയുടെ മദ്യവിൽപ്പന നടത്തി അതിൽ നികുതി, തീരുവ എന്നീ ഇനങ്ങളിലായി 31.26 കോടി രൂപ സർക്കാർ ഖജനാവിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) ഇത് 2011 ഡിസംബർ 31-മായി താരതമ്യം ചെയ്യുമ്പോൾ മദ്യത്തിന്റെ ഉപഭോഗത്തിൽ എത്ര കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) 2011 ഡിസംബർ 31-മായി താരതമ്യം ചെയ്യുമ്പോൾ 2012 ഡിസംബർ 31-ന് 0.36 ലക്ഷം കെയ്സുകൾ അധികമായി വൽപ്പന നടത്തിയിട്ടുണ്ട്. |
| (സി) മദ്യവിൽപ്പനയിൽ നിന്ന് സർക്കാരിന് കിട്ടുന്ന വരുമാനം 1987-88-ൽ എത്ര തുക; ആയത് 2011-12-ൽ എത്ര തുകയായി ഉയർന്നു; നടപ്പു സാമ്പത്തിക വർഷം ഡിസംബർ 31 വരെ എത്ര തുക; വിശദമാക്കുമോ; | (സി) |

| | എക്സൈസ് വകുപ്പ് വഴി | വാണിജ്യ നികുതി വകുപ്പ് വഴി |
|---|---|---|
| 1987-88 | 135.57 കോടി | 24.01 കോടി |
| 2011-12 | 1856.68 കോടി | 4740.73 കോടി |
| 2012 ഡിസംബർ 31 വരെ | 1365.05 കോടി | 3570.19 കോടി |

(ഡി) 2011-12 സാമ്പത്തിക വർഷം ബോധവൽക്കരണത്തിന് എത്ര തുക ചെലവഴിച്ചു; ആയതിന് നടപ്പു സാമ്പത്തിക വർഷം എത്ര തുകയാണ് ഇതുവരെ ചെലവാക്കിയത്; ഏതുവിധത്തിലുള്ള ബോധവൽക്കരണമാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ഡി) 2011-12 സാമ്പത്തികവർഷം ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്, 1,19,27,247/- രൂപ ചെലവഴിച്ചു. ആയതിന് നടപ്പു സാമ്പത്തിക വർഷം 30.1.2013 വരെ 69,98,693/- രൂപ ചെലവഴിച്ചു; മദ്യ/ലഹരി വിരുദ്ധ ബോധവത്കരണത്തിനായി വിവിധതരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്. ഇതിൻെറ ഭാഗമായി സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവത്കരണ ക്ളാസ്സുകൾ, റാലികൾ, ഇന്ദ്രജാല പ്രകടനം, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെ ബോധവത്കരണത്തിനായി ദുരന്ത ലഹരി എന്ന പേരിൽ ഒരു ഡോക്യുമെൻ്ററി ദൂരദർശൻ ചാനലുകളിൽ സംപ്രേക്ഷണം ചെയ്തിട്ടുണ്ട്. ടി ഹ്രസ്വചിത്രത്തിൻെറ സി.ഡി പ്രദർശനം എല്ലാ ജില്ലകളിലും നടത്തി വരുന്നു.

(ഇ) രാജ്യത്തെ ഏറ്റവും വലിയ മദ്യ ഉപഭോക്താക്കൾ എന്ന അവസ്ഥ മാറ്റാൻ ഇത്തരത്തിലുള്ള ബോധവൽക്കരണത്തിലൂടെ സർക്കാരിന് കഴിഞ്ഞുവോ; വിശദമാക്കുമോ?

(ഇ) മദ്യത്തിൻെറ ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ശക്തവും, നൂതനവുമായ പരിപാടികൾ നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ 700 വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. 247 വിദ്യാലയങ്ങളിൽ സ്റ്റുഡൻ്റ് പോലീസ് കേഡറ്റ് പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. കോളേജ് ക്യാമ്പസുകളിൽ എൻ.എസ്.എസ്-ൻെറ സഹകരണത്തോടെയും, ഗ്രാമീണ മേഖലയിൽ കുടുംബശ്രീ, സാക്ഷരതാ മിഷൻ തുടങ്ങിയവയുടെ സഹകരണത്തോടെയും സമഗ്രമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ